പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 813 01.03.2017-ൽ മറുപടിയ്ക്ക്

## ഭവനരഹിതരായ പട്ടിക ഗോത്രവർഗ്ഗ കുടുംബങ്ങൾ

ചോദ്യം
ശ്രീ.ജെയിംസ് മാത്യു
ശ്രീ. പി.ടി.എ. റഹീം
ശ്രീ.യു. ആർ. പ്രദീപ്
ശ്രീമതി.പി. അയിഷാ പോറ്റി

മറുപടി
ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പു മന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | ഭവനരഹിതരായ പട്ടിക ഗോത്രവർഗ്ഗ കുടുംബങ്ങൾ എത്ര ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; അതിൽ എത്ര പേർക്ക് ഈ സർക്കാർ വീട് അനുവദിച്ചു ; | എ) | ഭവനരഹിതരായ 15149 പട്ടികവർഗ്ഗ കുടുംബങ്ങൾ ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ആയതിൽ 6709 ഭവനരഹിതർക്ക് വിവിധ ഭവനനിർമ്മാണ പദ്ധതികളിൽ ഉൾപ്പെടുത്തി ഈ സർക്കാർ നാളിതുവരെയായി വീടുകൾ അനുവദിച്ചിട്ടുണ്ട്. |
| ബി) | മുൻ സർക്കാർ അനുവദിച്ച വീടുകളിൽ പൂർത്തിയാകാതെ കിടക്കുന്ന വീടുകൾ എത്രയായിരുന്നുവെന്നും അതിൽ എത്ര എണ്ണം ഈ സർക്കാരിന് പൂർത്തിയാക്കാൻ സാധിച്ചെന്നും അതിനായി ചെലവഴിച്ച തുകയെത്രയെന്നും വെളിപ്പെടുത്തുമോ; | ബി) | മുൻസർക്കാർ 5 വർഷക്കാലം അനുവദിച്ച 17530 വീടുകളിൽ 30.06.2016-ലെ ഭവന നിർമ്മാണ പുരോഗതി റിപ്പോർട്ട് പ്രകാരം 2747 വീടുകൾ മാത്രമാണ് പൂർത്തീകരിച്ചിരുന്നത്. 14883 വീടുകൾ പൂർത്തിയാകാത്തതുണ്ടായിരുന്നു. ആയതിൽ 1250 വീടുകൾ നടപ്പ് വർഷം നാളിതുവരെയായി പൂർത്തീകരിച്ചിട്ടുണ്ട്. സ്പിൽഓവർ വീടുകളുടെ നിർമ്മാണ പ്രവൃത്തികൾക്കായി നാളിതു വരെയായി 166,78,94,000/-രൂപ അനുവദിച്ചതിൽ 154,65,05,162/-രൂപ ചെലവഴിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭൂരഹിതർ എത്രയാണെന്നും അവർക്ക് സ്ഥലം വാങ്ങി, വീട് നിർമ്മിച്ച് നൽകാനായി ഈ സർക്കാർ സ്വീകരിച്ച നടപടിയും വ്യക്തമാക്കാമോ? | (ബി) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 12,4[illegible] ഭൂരഹിതരുണ്ടെന്ന് കണ്ടെത്തുകയും, ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ടി ആൾക്കാരിൽ 56 പേർക്ക് 5,65,75,800/-രൂപ ചെലവഴിച്ച് 25.588 ഏക്കർ ഭൂമി വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഈ പദ്ധതിക്കായി 42 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ തുക കൂടി ഉപയോഗിച്ച് സ്ഥലം വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. വനാവകാശ നിയമ പ്രകാരം 4175 പേർക്ക് കൂടി RoR നൽകാൻ നടപടി സ്വീകരിച്ച് വരുന്നു. സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ ലഭ്യമായ വനഭൂമിയിൽ നിന്നും 4000 പേർക്ക് കൂടി ഭൂമി അനുവദിക്കാനും നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ